## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1649 — 31/01/2018-ൽ മറുപടിയ്ക്ക്

### ചാലക്കുടി കാട്ടുകുറ്റി പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്റർ നവീകരണം

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിലെ കാട്ടുകുറ്റി പഞ്ചായത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിന്റെ നവീകരണം ഇനിയും പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നു കൊടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഫണ്ട് അനുവദിച്ച് ഏറെ കാലമായിട്ടും സാങ്കേതിക കാരണങ്ങളാൽ നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ആവശ്യമായ നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം നിർമ്മാണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | (ബി) | കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാകാത്തതിനാലാണ് പൊതുജനങ്ങൾക്ക് തുറന്നു നൽകാത്തത്. കെട്ടിട നിർമ്മാണത്തിലെ അപാകത സംബന്ധിച്ച് നിർമ്മാണത്തിന് മേൽനോട്ടം വഹിച്ച അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കരാറുകാരൻ എന്നിവർക്കെതിരെ വിജിലൻസ് അന്വേഷണം നടന്നുവരുകയാണ്. അന്വേഷണം പൂർത്തീകരിച്ച് ഇക്കാര്യത്തിൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ